**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 716** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിനായി ലഭിക്കുന്ന കേന്ദ്ര സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിനായി ലഭിക്കുന്ന കേന്ദ്ര സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ചെലവ് വഹിക്കേണ്ടതായി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലയിലാണെന്ന് വിശദമാക്കാമോ; ഈ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | RDSS പദ്ധതി പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടിയ പദ്ധതി തുക 8205.71 കോടി രൂപയാണ്. ഇതിൽ 8175.05 കോടി രൂപ സ്മാർട്ട് മീറ്റർ പദ്ധതിക്കും 30.66 കോടി രൂപ പ്രോജക്ട് മാനേജ്മെന്റ് ഏജൻസിക്കുള്ള തുകയുമാണ്. ഇതിൽ 1244.65 കോടി രൂപ കേന്ദ്രം നൽകുന്ന ഗ്രാന്റ് തുക ആണ്. കൂടാതെ ഘട്ടം-1-ൽ 2023 ഡിസംബറോടെ ഇൻസ്റ്റാൾ ചെയ്താൽ പ്രീ-പെയ്ഡ് ഉപഭോക്തൃ സ്മാർട്ട് മീറ്ററിന്, ഒരു മീറ്ററിന്റെ ചെലവിന്റെ 7.5% അല്ലെങ്കിൽ 450 രൂപ ഏതാണോ കുറവ്, അത് അധിക ഇൻസെന്റീവ് ലഭിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തതിനു ശേഷം മാത്രമേ പദ്ധതിയുടെ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ. തുടർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ KSEBL ന് ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങളും കണക്കിലെടുത്ത് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടു കൂടി ആയിരിക്കും താരിഫ് നിശ്ചയിക്കുന്നത്. എന്നാൽ മാത്രമേ ഉപഭോക്താവിനു വരാവുന്ന അധിക തുക, സർക്കാരിനു വന്നേക്കാവുന്ന അധിക ചിലവ് എന്നിവ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് മൂലം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പദ്ധതി നടപ്പിലാക്കുന്നതിലൂടെ റവന്യു മുൻകൂർ ആയി ലഭിക്കുന്നതിനും, വിവിധയിനം ചിലവുകൾ കുറയ്ക്കുന്നതിനും, കിട്ടാക്കടം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ലാഭിക്കുന്ന ചിലവുകളുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് താരിഫിനത്തിൽ ലഭ്യമാക്കുവാൻ സാധിക്കും. വർദ്ധിച്ചുവരുന്ന സൗരോർജ്ജ / പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ഗ്രിഡ് ഇന്റഗ്രേഷൻ സുഗമമാക്കുവാനും കഴിയുന്നതാണ്. വൈദ്യുതി മോഷണം തടയുവാനും, |

| | | | |
|---|---|---|---|
| | | | ഡോർ ലോക് ബില്ലിംഗ് ഒഴിവാക്കുവാനും ഫലപ്രദമായ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് (ToD/ToU) പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും സാധിക്കും. നിലവിൽ മീറ്റർ വാങ്ങുന്നതിനു പ്രതിവർഷം ഏകദേശം 100 കോടി രൂപ ചെലവാകുന്നു. സ്മാർട്ട് മീറ്റർ വ്യാപനത്തോടെ ഈ ഇനത്തിൽ ചെലവ് ഇല്ലാതാകുന്നു. കൃത്യമായ എനർജി ഓഡിറ്റ് നടത്തുവാനും, ഊർജ്ജ നഷ്ടം കണ്ടെത്താനും അത് കാര്യക്ഷമമായി ലഘൂകരിക്കാനും സ്മാർട്ട് മീറ്ററുകൾ നൽകുന്ന ഡേറ്റ സഹായിക്കും. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് വഴി ഒരു പ്രദേശത്തെ വൈദ്യുതി തടസ്സം തത്സമയം തന്നെ കൃത്യമായി ഏത് ഫീഡർ / ട്രാൻസ്ഫോർമർ, ഫേസ് എന്ന് മനസ്സിലാക്കി, വൈദ്യുതി പുനഃസ്ഥാപിക്കുവാൻ കഴിയും. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 70% പുറമേനിന്നുള്ള വൈദ്യുതി വാങ്ങലിലൂടെയാണ് നിറവേറ്റുന്നത്, ഇതിനായി വരുമാനത്തിന്റെ 50% വിനിയോഗിക്കുന്നു. നിലവിൽ പവർ പർച്ചേസ് പേയ്മെന്റുകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഓവർ ഡ്രാഫ്റ്റ് വഴിയാണ് നടത്തുന്നത്. പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് നടപ്പിലാക്കുമ്പോൾ, KSEBL ന് റവന്യൂ മുൻകൂറായി ലഭിക്കുന്നു. ഇത് മുകളിൽ പറഞ്ഞ ഓവർ ഡ്രാഫ്റ്റ് ചെലവുകൾ വലിയ അളവുവരെ ഒഴിവാക്കും. പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. CEA regulation പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശമുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് കെ.എസ്.ഇ.ബി.യെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | KSEBL നെ ദോഷകരമായി ബാധിക്കുമോ എന്ന് ഇപ്പോൾ കണ്ടെത്തിയിട്ടില്ല. ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |
| (ഡി) | സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിൽ നിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കേണ്ടതില്ല എന്ന തീരുമാനം ഇതുവരെ കൈകൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ